**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **18-01-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ എച്ച്.എസ്.റ്റി ഗണിതം, സോഷ്യൽ സയൻസ് തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിൽ എച്ച്.എസ്.റ്റി ഗണിതം മലയാളം മീഡിയം, എച്ച്.എസ്.റ്റി സോഷ്യൽ സയൻസ് മലയാളം മീഡിയം തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വെളിപ്പെടുത്തുമോ; | (എ) | എച്ച്.എസ്.റ്റി (ഗണിതം) - 2 എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ് )- 4 |
| (ബി) | പ്രസ്തുത ഒഴിവുകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | എച്ച്.എസ്.റ്റി ഗണിതം - 2 (എച്ച്.എം പ്രമോഷൻ ഒഴിവ് -1, പുതിയ പി.എസ്.സി നിയമനം ലഭിച്ചതിനാൽ നിലവിൽ വന്ന ഒഴിവ് -1) എച്ച്.എസ്.റ്റി സോഷ്യൽ സയൻസ് -4 (4 എച്ച്.എം. പ്രമോഷൻ) |
| (സി) | പ്രസ്തുത ഒഴിവുകളും 2021 ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണവും വിശദീകരിക്കുമോ? | (സി) | നാളിതുവരെ നിലവിൽ വന്ന ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിന് അർഹമായ എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകളിലേയ്ക്ക് പ്രമോഷൻ അന്തർജില്ലാ സ്ഥലംമാറ്റം എന്നിവ കൂടി പരിഗണിക്കേണ്ടതുണ്ട്. വിരമിക്കൽ, പ്രമോഷൻ മറ്റുള്ളവ മുഖാന്തിരം നിലവിൽ വന്ന ഒഴിവുകളുടെ നിശ്ചിത ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വെയ്ക്കേണ്ടതിനാൽ നിലനിൽക്കുന്ന ഒഴിവുകൾ ടി തസ്തികയിലേയ്ക്ക് കൂടി നീക്കി വച്ചിട്ടുണ്ട്. 2021-വർഷത്തെ വിരമിക്കൽ ഒഴിവുകൾ കണക്കാക്കി നേരിട്ടുള്ള നിയമനത്തിനർഹമായ ഒഴിവുകൾ പി.എസ്.സി യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ